ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 2/10888/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 03.08.2023
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

പ്രേഷിതൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2023 സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന : 05.07.2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

****************************

62-ാ മത് സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് - 2023 ന്റെ **അണ്ടർ-14 (ആൺ), അണ്ടർ-17 (പെൺ), അണ്ടർ-17 (ആൺ)** എന്നീ വിഭാഗം സംസ്ഥാനതല മത്സരങ്ങൾ **2023 ആഗസ്റ്റ് 11 മുതൽ 14 വരെ കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ട്, ദേവഗിരി കോളേജ് ഗ്രൗണ്ട്** എന്നിവിടങ്ങളിൽ വച്ച് നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലയിലെ സ്കൂൾ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലയിൽ വിജയികളായ സ്കൂൾ ടീമുകൾ **www.subrotocup.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഫീസ് അടച്ച രസീതും, **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി വേണം രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടത്.

**രജിസ്ട്രേഷൻ സ്ഥലവും തീയതിയും ചുവടെ ചേർക്കുന്നു**

| | | |
|---|---|---|
| അണ്ടർ 17 ആൺ വിഭാഗം | - | 10.08.2023 ന് വൈകിട്ട് 4 മണിക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട് |
| അണ്ടർ 17 പെൺ വിഭാഗം | - | 10.08.2023 ന് വൈകിട്ട് 4 മണിക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട് |
| അണ്ടർ 14, ആൺ വിഭാഗം | - | 12.08.2023 ന് വൈകിട്ട് 4 മണിക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട് |

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

| | | |
|---|---|---|
| ശ്രീ. ഷിംജിത്ത് (ജില്ലാ കോർഡിനേറ്റർ) | - | 9447752175 |
| ശ്രീ. സുബൈർ (ആർ.ഡി.എസ്.ജി.എ സെക്രട്ടറി) | - | 9496163430 |

**താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:**

| | | |
|---|---|---|
| ശ്രീ. സുധീർ പി | - | 9497212712 |
| ശ്രീ. ടിഷോ ജോസ് | - | 9656165003 |
| ശ്രീമതി. നസീം അബ്ദുള്ള | - | 9895403051 ( പെൺകുട്ടികൾക്കുള്ള) |

## നിർദ്ദേശങ്ങൾ

1. സംസ്ഥാന തല സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   - i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്. (1 കോപ്പി)
   - ii. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റ് (1 കോപ്പി)
   - iii. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ആധാർ സർട്ടിഫിക്കറ്റ് (1 കോപ്പി)
   - iv. **www.subrotocup.in** എന്ന വെബ്സൈറ്റിൽ ഫീസ് അടച്ച് രജിസ്റ്റർ ചെയ്തതിന്റെ രസീത് (ഒർജിനൽ & 1 കോപ്പി)
   - v. **പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത ഒരു രേഖകളും രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.**

2. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാകേണ്ടതാണ്.
3. ഓരോ ജില്ലയിൽ നിന്നും വിജയികളായി വരുന്ന ടീമുകളിലെ (അണ്ടർ 14 ആൺ, അണ്ടർ 17 ആൺ / പെൺ) 16 കുട്ടികളും 1 കോച്ച് 1 മാനേജർ എന്നിവരാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.
4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
5. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ, ചുമതലപ്പെടുത്തിയ അദ്ധ്യാപകനായിരിക്കണം ടീം മാനേജർ (പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ ടീംമാനേജർ മായി അദ്ധ്യാപകരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും, ചുമതലപ്പെട്ട അദ്ധ്യാപകന്റെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്)
6. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ ചുമതലപ്പെടുത്തുന്ന അദ്ധ്യാപിക ആയിരിക്കണം ടീം മാനേജർ, (പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ വനിത ടീം മാനേജരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും ചുമതലപ്പെട്ട അദ്ധ്യാപികയുടെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്)
7. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല
8. ടീം മാനേജേഴ്സായി ചുമതലപ്പെടുത്തുന്ന അദ്ധ്യാപകർ ഹാജരാക്കേണ്ട പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകന്റെ സർട്ടിഫിക്കേറ്റ് www.sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് പ്രിൻസിപ്പൽ / പ്രധാമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

9. എല്ലാ ടീം മാനേജർമാർമാരും നിർബന്ധമായും ടീം മാനേജേഴ്സ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയം ചുവടെ ചേർത്തിരിക്കുന്നു.

10. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂൾ ടീമുകൾ സ്വന്തം ചിലവിൽ എത്തിച്ചേരേണ്ടതാണ്..

11. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് **2,000/-** രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.

12. മത്സരങ്ങൾ നടക്കുന്ന തീയതി, സമയം, സ്ഥലം എന്നിവ താഴെ സൂചിപ്പിച്ചിരിക്കുന്നു.

| വിഭാഗം | തീയതി | റിപ്പോർട്ടിംഗ് സമയം | സ്ഥലം |
|---|---|---|---|
| അണ്ടർ 17 ആൺ | 11/08/2023 | 6.30 AM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** (ഗ്രൗണ്ട് - 1) |
| അണ്ടർ 17 പെൺ | 11/08/2023 | 6.30 AM | **കോഴിക്കോട് ദേവഗിരി കോളേജ് ഗ്രൗണ്ട്** (ഗ്രൗണ്ട് - 2) |
| അണ്ടർ 17 ആൺ/പെൺ<br>സെമി ഫൈനൽ<br>ലൂസേഴ്സ് ഫൈനൽ<br>ഫൈനൽ | 12/08/2023 | 6.30 AM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** (ഗ്രൗണ്ട് - 1) |
| അണ്ടർ 14 ആൺ | 13/08/2023 | 6.30 AM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** (ഗ്രൗണ്ട് - 1) |
| അണ്ടർ 14 ആൺ<br>സെമി ഫൈനൽ<br>ലൂസേഴ്സ് ഫൈനൽ<br>ഫൈനൽ | 14/08/2023 | 6.30 AM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** (ഗ്രൗണ്ട് - 1) |

| **ടീം മാനേജഴ്സ് മീറ്റിംഗ് & ഫിക്സ്ച്ചർ മീറ്റിംഗ്** | | | |
|---|---|---|---|
| അണ്ടർ 17 ആൺ | 10/08/2023 | 6.30 PM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** |
| അണ്ടർ 17 പെൺ | 10/08/2023 | 6.30 PM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** |
| അണ്ടർ 14 ആൺ | 12/08/2023 | 6.30 PM | **കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്** |

DIRECTORATE OF GENERAL EDUCATION
Jagathy, Thiruvananthapuram-14

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)